F2/23666/2018
TRY/10552/2019-F2

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി 10/06/2019

സർക്കുലർ നമ്പർ. 27/2019

വിഷയം :- വിവിധ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾക്കു - Short Passed Interest (SPI)- വരവ് വയ്ക്കുന്നത് - സംബന്ധിച്ചു

വിവിധ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾക്കു Short Passed Interest (SPI) നൽകുന്നതിനായി ട്രഷറി ഓഫീസർമാർ പ്രസ്തുത അക്കൗണ്ടുകൾക്കു നൽകേണ്ട പലിശ കണക്കാക്കി നടപടിക്രമം സഹിതം ട്രഷറി ഡയറക്ടറേറ്റിൽ സമർപ്പിക്കുകയും, പ്രസ്തുത അക്കൗണ്ടുകൾക്കു ട്രഷറി ഡയറക്ടറേറ്റിൽ നിന്നും SPI വരവ് വച്ച് നൽകുന്ന രീതിയാണ് നിലവിൽ തുടർന്നു വരുന്നത്. എന്നാൽ ഈ രീതിയിൽ SPI വരവ് വച്ച് നൽകുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ, ഇടപാടുകാർക്ക് പലിശ വരവ് വച്ച് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

TSB, PTSB, TSA, TPA തുടങ്ങിയ ട്രഷറി ബാങ്ക് അക്കൗണ്ടുകൾക്കു പലിശ നൽകിയതിൽ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ സബ് ട്രഷറി ഓഫീസർ, KTC വാല്യം 2 അനുബന്ധം 3 ചട്ടം 22 പ്രകാരം പ്രസ്തുത അക്കൗണ്ടിന് നൽകേണ്ട പലിശ കണക്കാക്കി, IBB statement ഉൾപ്പടെ ജില്ലാ ട്രഷറി ഓഫീസർക്കു സമർപ്പിക്കേണ്ടതാണ്. ജില്ലാ ട്രഷറി ഓഫീസർ ഇത് സംബന്ധിച്ചു നടപടിക്രമം തയാറാക്കി, Short Passed Interest (SPI) വരവ് വച്ച് നൽകേണ്ടതാണ്. ജില്ലാ ട്രഷറിയിലെ സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾക്കു ജില്ലാ ട്രഷറി ഓഫീസർ തന്നെ മേൽ നടപടിക്രമം പാലിച്ചു Short Passed Interest (SPI) വരവ് വച്ച് നൽകേണ്ടതാണ് .ഇതിനുള്ള സൗകര്യം Core-TIS ൽ ലഭ്യമാണ്.

Short Passed Interest (SPI) നൽകുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ ട്രഷറി ഓഫീസർമാർ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഡെപ്യൂട്ടി ഡയറക്ടറുടെ ദൈവാർഷിക പരിശോധനയിലും, ജില്ലാ ട്രഷറി ഓഫീസറുടെ വാർഷിക പരിശോധനയിലും SPI നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കേണ്ടതും ഈ വിഷയത്തിൽ എന്തെകിലും വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെകിൽ പരിശോധന അധികാരി യഥാസമയം ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയേണ്ടതുമാണ്.

എ.എം.ജാഫർ
ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ മേഖലാ ട്രഷറി ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും
3. ട്രഷറി ഡയറക്ടറുടെ സി.എ/ ജോയിന്റ് ഡയറക്ടർ I, ജോയിന്റ് ഡയറക്ടർ II/ അസിസ്റ്റന്റ് ഡയറക്ടർ

ഉത്തരവിൻപ്രകാരം

11/7/19

സീനിയർ സൂപ്രണ്ട്